(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) ഇല്ല.

43 (2601) കോളേരി എസ്റ്റേറ്റിലെ വനംകൊള്ള

ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് ജില്ലയിൽ തൃക്കൈപ്പറ്റ വില്ലേജിൽ കോളേരി എസ്റ്റേറ്റിൽനിന്നും വീട്ടി ഉൾപ്പെടെ ലക്ഷക്കണക്കിന് രൂപയുടെ മരങ്ങൾ കടത്തിക്കൊണ്ടുപോയതു സംബന്ധിച്ച് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് വകുപ്പിന്റെ വിജിലൻസ് വിഭാഗം അന്വേഷണം നടത്തിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ പ്രസ്തുത അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ കുറ്റക്കാരായ ഉദ്യോഗസ്ഥരുടെ പേരിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) പ്രസ്തുത വനംകൊള്ളയെ സംബന്ധിച്ച് ഉന്നതതല അന്വേഷണം നടത്തി, നിജസ്ഥിതി പുറത്തുകൊണ്ടുവരുന്നതിനും കുറ്റക്കാരായ ഉദ്യോഗസ്ഥരെ മാതൃകാപരമായി ശിക്ഷിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) മരംമുറി സംബന്ധമായ പരാതി ലഭിച്ചിട്ടുണ്ട്.

(ബി)&(സി) വനംവകുപ്പിന്റെ വിജിലൻസ് വിഭാഗം അന്വേഷണം നടത്തിവരുന്നു. അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുന്നതാണ്.

(ഡി) അന്വേഷണം നടന്നുവരികയാണ്. അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കുറ്റക്കാരെന്നു കാണുന്ന ഉദ്യോഗസ്ഥർക്കെതിരെ ശിക്ഷണ നടപടി സ്വീകരിക്കുന്നതാണ്.

44 (2604) റബ്ബർ തടി ഉപയോഗിച്ച് പാക്കിംഗ് കെയ്സ് നിർമ്മാണം

ശ്രീ. രാജു എബ്രഹാം : താഴെകാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റബ്ബർതടി ഉപയോഗിച്ച് പാക്കിംഗ് കെയ്സ് ഉണ്ടാക്കി ഉപജീവനം നടത്തുന്ന എത്ര തൊഴിലാളി കുടുംബങ്ങൾ കേരളത്തിലുണ്ട്;

(ബി) കേരളത്തിൽ നിന്നും അന്യസംസ്ഥാനങ്ങളിലേയ്ക്ക് റബ്ബർതടി കടത്തുന്നത് നിരോധിച്ചത് എന്നു മുതലാണ്;

(സി) റബ്ബർതടി അങ്ങനെ കടത്തുന്നത് നിരോധിക്കുന്നതിനു മുമ്പ് നിലവിലുണ്ടായിരുന്ന വിലയും ഇപ്പോഴുള്ള വിലയും എത്രയാണെന്ന് വിശദമാക്കുമോ;

(ഡി) റബ്ബർ തടി അന്യസംസ്ഥാനങ്ങളിലേയ്ക്ക് അയയ്ക്കാൻ അടിയന്തിരമായി നടപടി സ്വീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly